LIBRARY ARCHIVES Kerala Legislative Assembly

കുലശേഖരപുരം—ചക്കുവള്ളി റോഡിലെ പാലം നിർമ്മാണത്തിന് നബാർഡിന്റെ ധനസഹായം

62 [3235] ശ്രീ. എ. എൻ. രാജൻ ബാബു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരുനാഗപ്പള്ളി നിയോജകമണ്ഡലത്തിലെ കുലശേഖരപുരം—ചക്കുവള്ളി റോഡിലെ (0/500 കി.മീ.) പാലം നിർമ്മാണത്തിന് നബാർഡിൽ നിന്നും സാമ്പത്തിക സഹായം ലഭ്യമാക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പ്രസ്തുത പദ്ധതിയിൽ ഉണ്ടായിട്ടുള്ള പുരോഗതി എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ ആന്റ് ബി) നബാർഡ് ധനസഹായത്തോടെ ഈ പാലം നിർമ്മിക്കുന്നതിനുള്ള ശ്രമങ്ങൾ നടത്തിവരുന്നു.

പരവൂർ—മയ്യനാട് കായൽപ്പാലത്തിന്റെ നിർമ്മാണം

63 [3236] ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലയിലെ പരവൂരിനേയും മയ്യനാടിനേയും തമ്മിൽ ബന്ധിപ്പിക്കുന്ന പരവൂർ—മയ്യനാട് കായൽപ്പാലത്തിന്റെ നിർമ്മാണം സംബന്ധിച്ച് ഇപ്പോഴത്തെ അവസ്ഥ വ്യക്തമാക്കാമോ;

(ബി) ഇതിന്റെ ടെണ്ടർ നടപടികൾ എപ്പോൾ നടക്കുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ ആന്റ് ബി) നബാർഡ് ധനസഹായത്തോടെ ഈ പാലം നിർമ്മിക്കുന്നതിനുള്ള ശ്രമങ്ങൾ നടത്തിവരുന്നു.

കരമന ആറിന് കുറുകെയുള്ള കുലശേഖരം പാലം നിർമ്മാണം

64 [3237] ശ്രീ. കെ. മോഹൻകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരമന ആറിന് കുറുകെയുള്ള നിർദ്ദിഷ്ട കുലശേഖരം പാലം നിർമ്മാണത്തിനായി എസ്റ്റിമേറ്റിന് അംഗീകാരം നൽകിയിട്ടുണ്ടോ;

(ബി) ഈ പാലം നിർമ്മാണം ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കുമോ;

(സി) കരമന ആറിന് കുറുകെയുള്ള കുണ്ടമൺകടവ് പാലത്തിന് എത്ര വർഷം പഴക്കമുണ്ട്;

(ഡി) പുതിയ പാലം നിർമ്മിക്കാനുള്ള പദ്ധതി ഇപ്പോൾ ഏതവസ്ഥയിലാണ് എന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഇല്ല.

(ബി) പാലത്തിന്റെ സൈറ്റ് സർവ്വെ പൂർത്തിയായി. എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു.

(സി) 100 വർഷത്തിലധികം.

(ഡി) പ്രാരംഭ നടപടികൾ നടന്നുവരുന്നു.

നെടുമ്പന പഞ്ചായത്തിലെ കുണ്ടുമൺ പാലം നിർമ്മാണം

65 [3238] ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെടുമ്പന പഞ്ചായത്തിലെ കുണ്ടുമൺ പാലം നിർമ്മാണം ഇപ്പോൾ ഏത് ഘട്ടംവരെയായി;

(ബി) ഇതിന്റെ നിർമ്മാണം എന്ന് പൂർത്തീകരിക്കുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ ആന്റ് ബി) പാലത്തിന്റെ 23.50 ശതമാനം പണികൾ പൂർത്തിയായിട്ടുണ്ട്. കരാർ ഏറ്റെടുത്ത കേരള കൺസ്ട്രക്ഷൻ കോർപ്പറേഷൻ പണികളിൽ വീഴ്ച വരുത്തിയതു കാരണം ബദൽ ഏർപ്പാടുകൾ ചെയ്ത് 18 മാസത്തിനകം പണി പൂർത്തിയാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

മുറിയങ്കണ്ണി പാലത്തിന്റെ നിർമ്മാണം

66 [3239] ശ്രീമതി ഗിരിജാ സുരേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിലെ ശ്രീകൃഷ്ണപുരം നിയോജകമണ്ഡലത്തിലുൾപ്പെടുന്ന മുറിയങ്കണ്ണി പാലത്തിന്റെ പ്രവർത്തനപുരോഗതി ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ;

(ബി) മുറിയങ്കണ്ണി പാലത്തിന് ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷമുള്ള എല്ലാ ബഡ്ജറ്റിലും പ്രൊവിഷൻ ഉണ്ടായിട്ടും പ്രസ്തുത പാലത്തിന്റെ പണി തുടങ്ങാത്ത കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ മുറിയങ്കണ്ണി പാലത്തിന്റെ പണി തുടങ്ങുവാനാവശ്യമായ നടപടികൾ സ്വീകരിക്കുവാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് അടിയന്തിര നിർദ്ദേശം നൽകുമോ?

LIBRARY ARCHIVES Kerala Legislative Assembly